## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3334 22/08/2017-ൽ മറുപടിക്ക്

## കസ്തൂരിരംഗൻ റിപ്പോർട്ട്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.രാജു എബ്രഹാം | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പാക്കുന്നതു സംബന്ധിച്ച് കേന്ദ്ര വനം - പരിസ്ഥിതി മന്ത്രാലയം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതു വരെ നൽകിയിട്ടുള്ള കരട് വിജ്ഞാപനത്തിന്റെ കാലാവധി അവസാനിക്കുന്നതെന്നാണ്; അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കാത്ത സാഹചര്യത്തിൽ കരട് വിജ്ഞാപനത്തിന്റെ കാലാവധി നീട്ടി വാങ്ങുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്ന് വിശദമാക്കാമോ; | (ബി) | കേന്ദ്ര സർക്കാരിന്റെ 27/02/2017 ലെ പുതുക്കിയ വിജ്ഞാപനത്തിന്റെ കാലാവധി Environment Protection Rules 86 പ്രകാരം കരട് വിജ്ഞാപനം ഇറക്കുന്ന തീയതി മുതൽ 540 ദിവസം വരെയാണ്. കേരളത്തിലെ പരിസ്ഥിതി ലോല പ്രദേശങ്ങളെ നിശ്ചയിക്കുമ്പോൾ ജനവാസ കേന്ദ്രങ്ങളെയും, കൃഷിസ്ഥലങ്ങളെയും ESA യുടെ പരിധിയിൽ നിന്നും ഒഴിവാക്കണമെന്ന സംസ്ഥാന സർക്കാരിന്റെ നിലപാട് വീണ്ടും കേന്ദ്ര സർക്കാരിനെ അറിയിക്കുകയും എത്രയും വേഗം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുമുണ്ട്. |
| (സി) | കസ്തൂരിരംഗൻ റിപ്പോർട്ടിൽ പരിസ്ഥിതി ലോലപ്രദേശം എന്ന കണ്ടെത്തിയ കേരളത്തിലെ 123 വില്ലേജുകൾ ഉൾപ്പെട്ടിട്ടുള്ള ജനവാസ കേന്ദ്രങ്ങളേയും തോട്ടങ്ങളേയും കസ്തൂരിരംഗൻ റിപ്പോർട്ടിൽ നിന്നും ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതു സംബന്ധിച്ച് സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ ഉമ്മൻ വി. ഉമ്മൻ കമ്മീഷന്റെ കണ്ടെത്തലുകൾ റിപ്പോർട്ടായി കേന്ദ്ര സർക്കാരിന് എന്നാണ് സംസ്ഥാനം നൽകിയത്; ഈ റിപ്പോർട്ട് കേന്ദ്രം അംഗീകരിച്ചിട്ടുണ്ടോ; | (സി)<br>(ഡി)<br>&<br>(ഇ) | കസ്തൂരിരംഗൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട് ജനവാസ കേന്ദ്രങ്ങളെയും കൃഷിയിടങ്ങളെയും പരിസ്ഥിതി ലോല പ്രദേശത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കണമെന്നതാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്.<br>ജനവാസ കേന്ദ്രങ്ങളെയും, കൃഷിസ്ഥലങ്ങളെയും ESA യുടെ പരിധിയിൽ നിന്നും ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് 30/01/2014 ന് കേരള നിയമസഭ ഐക്യകണ്ഠേന പ്രമേയം പാസ്സാക്കി കേന്ദ്ര സർക്കാരിന് അയച്ചു കൊടുത്തിരുന്നു. കൂടാതെ, ഇക്കാലമത്രെയും Reserved Forests, Protected Area, World Heritage Sites എന്നിവയെ മാത്രമെ ESA യിൽ ഉൾപ്പെടുത്താവൂ എന്ന നിലപാടാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്. |
| (ഡി) | അന്തിമ വിജ്ഞാപനത്തിൽ കേരളം നൽകിയിട്ടുള്ള പരിസ്ഥിതിലോല മേഖലകളെക്കുറിച്ചുള്ള പുതിയ റിപ്പോർട്ട് ഉൾക്കൊള്ളി | | |

| | | | |
|---|---|---|---|
| | ക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | | ഈ വിഷയം സംബന്ധിച്ച് പൊതുജനങ്ങൾ, ജനപ്രധിനിധികൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, വിവിധ സംഘടനകൾ തുടങ്ങിയവരിൽ നിന്നും സർക്കാരിന് ലഭിച്ച അപേക്ഷകൾ എല്ലാം തന്നെ കേന്ദ്ര സർക്കാരിന്റെ പരിഗണനക്കായി അയച്ചുകൊടുത്തിട്ടുണ്ട്. |
| (ഇ) | ജനവാസ കേന്ദ്രങ്ങളെ ഒഴിവാക്കിയുള്ള റിപ്പോർട്ട് നടപ്പാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ? | | കരട് വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിരുന്ന വനേതര ഇ.എസ്.എ മേഖലയായ 886.7 ച.കി.മീ. പ്രദേശം ആയതിൽനിന്നും ഒഴിവാക്കി സംസ്ഥാന സർക്കാരിന്റെ ഉത്തരവാദിത്വത്തിൽ സംരക്ഷിക്കാനുള്ള ശക്തമായ നടപടികൾ സംസ്ഥാന സർക്കാർ കൈക്കൊള്ളുന്നതാണെന്നും ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പഞ്ചായത്തുതല ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് സമിതികളുടെയും അർത്ഥവത്തായ പങ്ക് ഉറപ്പാക്കാമെന്നും നിലവിലുള്ള സംസ്ഥാന നിയമങ്ങൾ നടപ്പാക്കാമെന്നും 23/02/2017 ലെയും 03/05/2017 ലെയും കത്തുകൾ മുഖാന്തിരം കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.<br>സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ ഉമ്മൻ വി. ഉമ്മൻ കമ്മീഷന്റെ കണ്ടെത്തലുകൾ റിപ്പോർട്ടായി 17/02/2014 ന് കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ട്. ഈ റിപ്പോർട്ട് കേന്ദ്ര സർക്കാർ അംഗീകരിച്ചതായി ഇതേവരെ സർക്കാരിനെ അറിയിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**